## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**തദ്ദേശ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1386** **06-03-2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോജി എം.ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുവാനായി 23.12.2019 തീയതിയിലെ സ.ഉ.(സാധാ) നം.2933/2019/ത.സ്വ.ഭ.വ. നമ്പർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം, കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലുള്ള കോളേജുകളിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക്, അവർക്ക് ഇഷ്ടമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ ഒരു വർഷം ഇന്റേൺഷിപ്പ് നൽകുന്നതിനും അതുവഴി പ്രായോഗികമായ നൈപുണ്യ വികസനവും നൽകുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ വകുപ്പുകളുടെയും അവയുടെ അധ്യാപകരുടെയും കൺസൾട്ടൻസി സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കായി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.<br><br>ഇന്റേൺഷിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കുന്നവരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താം |
| (ബി) | വിദ്യാർത്ഥികളുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | എന്നതിനെ സംബന്ധിച്ച് കൃത്യമായ പ്ലാനും പ്രോജക്ടുകളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കണമെന്ന നിർദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന വകുപ്പ് തലവന്മാർ മുഖേന അവരുടെ കീഴിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ കോളേജുകളടക്കം എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കുതകുന്ന എഞ്ചിനിയറിംഗ് സ്റ്റാർട്ട് അപ് യൂണിറ്റുകൾ കാമ്പസിൽ ആരംഭിക്കേണ്ടതാണെന്നും, സർക്കാരിന്റെ സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർചെയ്തിട്ടുള്ള എഞ്ചിനീയറിംഗ് സ്റ്റാർട്ടപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ട പ്രോത്സാഹനങ്ങൾ കൊടുക്കേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്.<br>എഞ്ചിനിയറിംഗ് ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 10,000/- രൂപയും ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് പ്രതിമാസം 15,000/- രൂപയും ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് നൽകാനുള്ള വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ